"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - കോട്ടയം ജനറൽ ആശുപത്രിയിലെ ഗ്രേഡ് 1 സ്റ്റാഫ് നഴ്‌സ് ആയ ശ്രീ.തോമസ് എൻ.ഐ - യ്ക്ക് ശൂന്യവേതനാവധിക്കു ശേഷം ജോലിയിൽ ഹാജരാകാതിരുന്ന കാലയളവ് നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1395/2026/H&FWD തീയതി,തിരുവനന്തപുരം, 16-04-2026

---

പരാമർശം:- 1. ശ്രീ.തോമസ് എൻ.ഐ 13.04.2018 ൽ സമർപ്പിച്ച അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.10.2018 ലെ ഇ1-74988/2018/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ, കോട്ടയം ജനറൽ ആശുപത്രിയിലെ ഗ്രേഡ് 1 സ്റ്റാഫ് നഴ്‌സ് ആയി സേവനം അനുഷ്ഠിച്ചു വരവേ, ശ്രീ.തോമസ് എൻ.ഐ, വിദേശ ജോലിക്കായി 07.04.2013 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധി എടുത്തിരുന്നു. ശൂന്യവേതനാവധിക്കു ശേഷം 07.04.2018 ൽ ജോലിയിൽ പ്രവേശിക്കുന്നതിനു പകരം 10.04.2018-നാണ് ജോലിയിൽ പ്രവേശിച്ചതെന്നും, കുവൈറ്റ് ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ജോലി രാജി വച്ചതിനുശേഷമുള്ള വിടുതൽ രേഖയും ആ രാജ്യം വിട്ടുപോരുന്നതിനുള്ള യാത്ര രേഖകളും നിശ്ചിത സമയത്തു ലഭ്യമാകാത്തതിനെ തുടർന്ന് യാത്രയ്ക്കുണ്ടായ തടസ്സമാണ് 07.04.18 മുതൽ 09.04.18 വരെ 3 ദിവസം ജോലിയിൽ പ്രവേശിക്കാൻ വൈകിയതെന്നും അപേക്ഷകൻ അറിയിക്കുകയും, ആയതിനാൽ 07.04.2018 മുതൽ 09.04.2018 വരെ ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിദേശ ജോലിക്കായി ശൂന്യവേതനാവധിയിൽ പ്രവേശിച്ച അപേക്ഷകന് യാത്രാരേഖകളുമായി ബന്ധപ്പെട്ട സാങ്കേതിക കാരണങ്ങളാലാണ് യഥാസമയം തിരികെ സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാതെയിരുന്നത് എന്ന വസ്തുത കണക്കിലെടുത്ത്, ശ്രീ.തോമസ് എൻ.ഐ., സർവ്വീസിൽ നിന്ന് വിട്ടുനിന്ന 07.04.2018 മുതൽ 09.04.2018 വരെയുള്ള കാലയളവ്, ടിയാൾ പ്രൊബേഷൻ

പൂർത്തീകരിച്ചിട്ടുള്ളതിനാൽ, മുൻകാല സേവനം നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടി ആയി ക്രമീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.തോമസ് എൻ.ഐ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് II, ജനറൽ ആശുപത്രി, കോട്ടയം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം ) കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 17-04-2026 10:57:58
സെക്ഷൻ ഓഫീസർ